ഉത്തരം

(എ) 3,56,070.

(ബി) 4.6 ലക്ഷം.

(സി) വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമം ലഘൂകരിച്ചു കൊണ്ട് 20-10-2004-ൽ ബോർഡ് ഉത്തരവ് നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന 500 വാട്ട് വരെ കണക്ടഡ് ലോഡ് വേണ്ടവർക്ക് സൗജന്യ കണക്ഷൻ നൽകി വരുന്നുണ്ട്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വൈദ്യുതി കണക്ഷൻ

59 [377] പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. കെ. അച്ചുതൻ:

,, വി. ജെ. പൗലോസ്:

,, എ. സുജനപാൽ:

,, പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭയുടെ ആദ്യ നൂറ് ദിവസങ്ങൾക്കുള്ളിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള എത്ര കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുവാനാണ് പരിപാടിയിട്ടിരുന്നത്;

(ബി) പ്രസ്തുത കാലാവധിക്കുള്ളിൽ ഈ ഗണത്തിൽപ്പെടുന്ന എത്ര കുടുംബങ്ങൾക്ക് കണക്ഷൻ നൽകുവാൻ കഴിഞ്ഞു;

(സി) ഇനി എത്ര അപേക്ഷകർക്ക് കണക്ഷൻ കൊടുക്കാൻ ബാക്കിയുണ്ട് എന്ന് വിശദമാക്കുമോ;

(ഡി) അവർക്ക് എന്നത്തേക്ക് കണക്ഷൻ കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ ഗണത്തിൽപ്പെടുന്നവർ നൽകേണ്ട വൈദ്യുതി ചാർജ്ജ് എത്രയാണെന്ന് വെളിപ്പെടുത്തുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 15000.

(ബി) 43179.

(സി) ബാക്കിയില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) പ്രതിമാസ ഉപയോഗം 20 യൂണിറ്റ് വരെയുള്ളവർക്ക് സൗജന്യമാണ്. അതിന് മുകളിലുള്ളവർ സാധാരണ ഗാർഹിക താരിഫ് ചാർജ്ജാണ് നൽകേണ്ടത്.

സബ് സ്റ്റേഷനുകളുടെ പണി പൂർത്തീകരണത്തിനുള്ള കാലതാമസം

60 [378] ശ്രീ. വർക്കല കഹാർ:

,, എം. എ. ചന്ദ്രശേഖരൻ:

,, പി. ശങ്കരൻ:

,, പ്രയാർ ഗോപാലകൃഷ്ണൻ:

,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ ഇപ്പോൾ എത്ര സബ് സ്റ്റേഷനുകളുടെ പണി നടക്കുന്നുണ്ട്;

(ബി) ഇവയുടെ എസ്റ്റിമേറ്റ് തുക എത്രയായിരുന്നു;

(സി) ഇവയുടെ പണി എന്നാണ് തുടങ്ങിയത്;

(ഡി) ഇവയുടെ പണി എന്നത്തേക്ക് പൂർത്തിയാക്കാൻ തീരുമാനിച്ചിരുന്നു;

(ഇ) ഇവയുടെ പണി പൂർത്തിയാക്കുന്നതിന് കാലതാമസം ഉണ്ടാകാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(എഫ്) അവയുടെ പണി പൂർത്തിയാക്കുന്നതിന് എന്ത് തുക വീതം ചെലവാകും;

(ജി) വൈദ്യുതി ബോർഡിന്റെ പണികൾ യഥാസമയം പൂർത്തിയാക്കാതിരിക്കുന്നതിന് ഉത്തരവാദികളായവരുടെമേൽ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly